പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5559

18/11/2019 ൽ മറുപടി നല്കേണ്ടത്.

## ആഹാര പദാർത്ഥങ്ങളിലെ മായം ചേർക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ആഹാര പദാർത്ഥങ്ങളിലെയും പഴം, പച്ചക്കറി, മത്സ്യം എന്നിവയിലെയും മായം ചേർക്കലും മലിനീകരണവും കാൻസർ രോഗം വർദ്ധിച്ചു വരുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ് എന്ന് കരുതുന്നു ണ്ടോ; | എ) ആഹാര പദാർത്ഥങ്ങളിലെയും പഴം, പച്ചക്കറി. മത്സ്യം എന്നിവയിലെയും മായം ചേർക്കൽ പല രോഗങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇതിനെ നിയന്ത്രിക്കുവാനും പ്രതിരോധിക്കുവാനും സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ബി) ആഹാര പദാർത്ഥങ്ങളുടെയും പഴം, പച്ചക്കറി, മത്സ്യം എന്നിവയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറികളും, മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ